# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 379 — 26.06.2013-ൽ മറുപടിയ്ക്ക്

### മുടങ്ങിയ ജലസേചന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. വി. ശശി<br>ശ്രീമതി ഇ. എസ് . ബിജിമോൾ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാം; ഈ പദ്ധതികൾ ഓരോന്നും മുടങ്ങിക്കിടക്കാൻ തുടങ്ങിയിട്ട് എത്രകാലമായി; ഇവ മുടങ്ങാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) ജലസേചന വകുപ്പിന്റെ കീഴിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>**അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി**<br>1989 മുതൽ അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ പണികൾ മുടങ്ങിക്കിടക്കുകയാണ്. കാവേരി നദീജല തർക്കവും കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതും ഫണ്ടിന്റെ അപര്യാപ്തതയുമാണ് മുടങ്ങാനുള്ള കാരണം.<br>**വാമനപുരം ജലസേചന പദ്ധതി**<br>1983 ൽ ഈ പദ്ധതിക്ക് 3.64 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പലവിധത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും നിമിത്തം പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്നു. എന്നാൽ 2000 ൽ ഈ പദ്ധതി ജലസേചനത്തിനും കുടിവെള്ളത്തിനും ഉതകുന്ന രീതിയിൽ ഒരു വിവിധോദ്ദേശ്യ പദ്ധതിയാക്കി |

ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. പൊതുജനങ്ങളുടെ എതിർപ്പ് കാരണം ഈ പ്രൊപ്പോസൽ തത്ക്കാലം നിർത്തിവച്ചിരിക്കുകയാണ്.

ബി) ഈ ജലസേചന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ബി) **അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി**

ഇപ്പോൾ പദ്ധതി പുനരുജ്ജീവിപ്പിക്കുവാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാമനപുരം ജലസേചന പദ്ധതി**

മഴക്കുറവു മൂലം സംസ്ഥാനം അഭിമുഖീകരിക്കുന്ന കടുത്ത വരൾച്ച കണക്കിലെടുത്ത് വനഭൂമി കൂടുതലായി നഷ്ടപ്പെടാത്ത രീതിയിൽ ഈ പദ്ധതി പരിഷ്കരിച്ച് ഒരു വിവിധോദ്ദേശ്യ പദ്ധതി യായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുവേണ്ടി വാമനപുരം നദിയിലും അതിന്റെ കൈവഴികളിലും ചെക്ക് ഡാമുകൾ നിർമ്മിച്ച് ഈ ചെക്ക് ഡാമുകളിൽ നിന്നും മൈനർ ഇറിഗേഷൻ സ്കീം വഴി ജലവിതരണം നടത്തുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ പേപ്പാറ റിസർവ്വോയറിൽ കുടിവെള്ള ലഭ്യത കുറയുന്ന സമയം വാമനപുരം നദിയിൽ നിന്നും പേപ്പാറ റിസർവ്വോയറിലേക്ക് വെള്ളം തിരിച്ചുവിടുന്നതിനുള്ള സാധ്യതകളും പരിശോധിച്ചു വരുന്നു.

Nanny PP

സെക്ഷൻ ഓഫീസർ